നവകേരളം കർമപദ്ധതി

# നവകേരളം വാർത്ത

ന്യൂസ്‌ലെറ്റർ

2023 ഡിസംബർ വാല്യം 1

ഓൺലൈൻ വായനയ്ക്ക്

24

## ഡിജിറ്റൽ ഹെൽത്ത്:

### ആധുനികവത്ക്കരണത്തിന് 7.85 കോടി : മന്ത്രി വീണാ ജോർജ്



ആരോഗ്യ മേഖലയിൽ ഡിജിറ്റൽ സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ സ്ഥാപനങ്ങളെ ആധുനികവത്ക്കരിക്കാൻ 7.85 കോടി രൂപയുടെ ഭരണാനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അതിൽ സാമൂഹികാരോഗ്യ കേന്ദ്രം മുതലുള്ള ആശുപത്രികളിൽ ആധാർ അധിഷ്ഠിത പഞ്ചിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനായി 5.16 കോടി രൂപയാണ് അനുവദിച്ചത്. ജില്ലാ മെഡിക്കൽ ഓഫീസുകൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ, ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിലാണ് പഞ്ചിംഗ് നടപ്പിലാക്കുന്നത്. നിലവിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് ഉൾപ്പെടെയുള്ള 10 ആരോഗ്യ സ്ഥാപനങ്ങളിൽ പഞ്ചിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഘട്ടം ഘട്ടമായി സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും പഞ്ചിംഗ് നടപ്പിലാക്കുമെന്നും മന്ത്രി വ്യക്തമാക്കി.



## മനസോടെ മണ്ണുനൽകി പള്ളം ബ്ലോക്ക് പഞ്ചായത്തംഗം

### രേഖകൾ മുഖ്യമന്ത്രിയ്ക്ക് കൈമാറി

തന്റെ ഉടമസ്ഥതയിലുള്ള 20 സെന്റ് സ്ഥലം ലൈഫ് പദ്ധതിയിൽ വീടുവയ്ക്കുന്നതിനു വിട്ടുനൽകിക്കൊണ്ടുള്ള സമ്മതപത്രം നവകേരള സദസിന്റെ വേദിയിൽ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി ബ്ലോക്ക് പഞ്ചായത്ത് അംഗം. കോട്ടയം ജില്ലയിൽ പുതുപ്പള്ളി നിയോജക മണ്ഡലം നവകേരളസദസിന്റെ വേദിയിലാണ് പള്ളം ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷൻ അനിൽ ചാണ്ടി മനസ്സോടിത്തിരി മണ്ണ് പദ്ധതിയുടെ ഭാഗമായ രേഖകൾ മുഖ്യമന്ത്രിയ്ക്ക് കൈമാറിയത്. പുതുപ്പള്ളി ഗ്രാമ പഞ്ചായത്തിലെ 14-ാം വാർഡിൽ അനിൽ ചാണ്ടിയുടെ ഉടമസ്ഥതയിലുള്ള 20 സെന്റ് സ്ഥലമാണ് സൗജന്യമായി നൽകിയത്. പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട അഞ്ച് ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമിക്കുന്നതിനാണ് ഭൂമി ഉപയോഗിക്കുക.

## ചെറുതാഴം ബാംബൂ പ്ലാന്റേഷൻ പദ്ധതിക്ക് തുടക്കമായി


കണ്ണൂർ ജില്ലയിലെ ചെറുതാഴം ബാംബൂ പ്ലാന്റേഷൻ - ഉദ്ഘാടനം കേരള നിയമസഭ സ്പീക്കർ എ. എൻ. ഷംസീർ നിർവ്വഹിച്ചു. കല്യാശ്ശേരി എം.എൽ.എ. വിജിൻ എം. അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ചെറുതാഴം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. ശ്രീധരൻ സ്വാഗതം പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ, കല്യാശ്ശേരി ബ്ലോക്ക് പ്രസിഡന്റ് പി.പി. ഷാജിർ എന്നിവർ മുഖ്യാതിഥികളായി. മൂന്ന് കോളേജുകളിലെ ഗ്രീൻ ബ്രിഗേഡ് ടീമംഗംങ്ങൾ, ലയൺസ് ക്ലബ്ബുകൾ, വിവിധ വായനശാല പ്രതിനിധികൾ, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ അംഗങ്ങൾ, സ്കൂൾ വിദ്യാർത്ഥികൾ, സാമൂഹിക രാഷ്ട്രീയ പ്രതിനിധികൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. 1500 മുളം തൈകൾ നട്ടു. ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.





# എഡിറ്റോറിയൽ

## ഹരിത നിയമങ്ങൾ പാലിക്കണം



ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയിൽ വീഴ്ച വരുത്തുന്നത് അക്ഷന്തവ്യമാണ്. ഈ വിഷയത്തിലുള്ള ബോധവൽക്കരണത്തിനും മാലിന്യ ശേഖരണ - സംസ്കരണ സംവിധാനമൊരുക്കലിനും ഒപ്പം തന്നെ ഇതുസംബന്ധിച്ച നിയമങ്ങൾ കർശനമായി നടപ്പാക്കലും അനിവാര്യമാണ്. ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളും സുസ്ഥിരമാക്കാൻ ഇതുകൂടിയേ തീരൂ. മാലിന്യം കത്തിക്കുക, ജലാശയങ്ങളിലേക്ക് ഉൾപ്പെടെ അവ അലക്ഷ്യമായി വലിച്ചെറിയുക, ശാസ്ത്രീയ മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾക്കായി നിലവിലുള്ള സംവിധാനങ്ങളോട് സഹകരിക്കാതിരിക്കുക തുടങ്ങിയവയെല്ലാം സാമൂഹിക തിന്മകളായിക്കണ്ട് അതിനെതിരെ പ്രതികരിക്കുന്ന പൊതുസമൂഹമാണ് നമുക്ക് വേണ്ടത്. ഒപ്പം ശാസ്ത്രീയ മാലിന്യ സംസ്കരണം സാർവത്രികമാവുകയും വേണം. മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്താൽ കർശന നടപടിക്ക് വ്യവസ്ഥ ചെയ്യുന്ന ഓർഡിനൻസിന് സർക്കാർ അംഗീകാരം നൽകിയിരിക്കുകയാണ്. മുനിസിപ്പാലിറ്റി, പഞ്ചായത്തിരാജ് നിയമങ്ങളിൽ ഭേദഗതി വരുത്തിയുള്ള ഈ ഓർഡിനൻസ് ശുചിത്വം ഉറപ്പാക്കാൻ വേണ്ടി പ്രവർത്തിക്കുന്ന സംവിധാനങ്ങൾക്ക് പിൻബലമാണ്.

ഡോ. ടി.എൻ. സീമ
കോർഡിനേറ്റർ,
നവകേരളം കർമപദ്ധതി

## കോട്ടത്തറയിൽ നീർച്ചാൽ പുനരുജ്ജീവനം

നവകേരളം കർമപദ്ധതി ഹരിതകേരളം മിഷന്റെയും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെയും നേതൃത്വത്തിൽ നീരുറവ്, കബനിക്കായ് വയനാട് കാമ്പയിനുകളുടെ ഭാഗമായുള്ള നീർച്ചാൽ പുനരുജ്ജീവനം പദ്ധതി വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ തുടങ്ങി. കോട്ടത്തറ ചെറുകണകുന്ന് തോടിന് സമീപം നടന്ന പരിപാടി പഞ്ചായത്ത് പ്രസിഡന്റ് പി.പി. റെനീഷ് ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ എം.കെ. മുരളീധരൻ അധ്യക്ഷത വഹിച്ചു. ജില്ലയിൽ ജല സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച് വരൾച്ചയെ പ്രതിരോധിക്കലും, ജല സംരക്ഷണവും, നീർച്ചാലുകൾ വീണ്ടെടുക്കാനുള്ള സമഗ്രവും ശാസ്ത്രീയവുമായ മുന്നൊരുക്കങ്ങൾ നടത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. കോട്ടത്തറ പഞ്ചായത്തിലെ ചെറുകണകുന്ന് തോടാണ് പദ്ധതിയുടെ ഭാഗമായി പുനരുജീവനത്തിനായി തിരഞ്ഞെടുത്തത്. സുരക്ഷിതമാക്കാം പശ്ചിമഘട്ടം കാമ്പയിന്റെ ഭാഗമായി കോട്ടത്തറ ഗ്രാമപഞ്ചായത്തിലും മാപത്തോൺ പൂർത്തീകരിച്ചിട്ടുണ്ട്. മാപിംഗ് നടത്തിയ തോടുകളിൽ ഒന്നാണ് ചെറുകണകുന്ന് തോട്. മാപിംഗിന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായും കൂടിയാണ് ഈ തോട് പുനരുജ്ജീവനത്തിനായി തിരഞ്ഞെടുത്തത്.

## മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്താൽ കർശന നടപടി

മാലിന്യം അലക്ഷ്യമായി കൈകാര്യം ചെയ്താൽ പിഴയും തടവും ഉൾപ്പെടെ കർശന നടപടിക്ക് സർക്കാർ നിർദ്ദേശം. ഇതു സംബന്ധിച്ച ഓർഡിനൻസിന് അംഗീകാരമായി. മുനിസിപ്പാലിറ്റി, പഞ്ചായത്തിരാജ് നിയമങ്ങളിൽ ഭേദഗതി വരുത്തിയാണ് ഓർഡിനൻസ്. അലക്ഷ്യമായി മാലിന്യം കൈകാര്യം ചെയ്താൽ ഒരു വർഷം വരെ തടവും 50,000 രൂപ വരെ പിഴയും ഉറപ്പാക്കുന്നതാണ് ഓർഡിനൻസ്. മാലിന്യം വലിച്ചെറിയുകയോ കത്തിക്കുകയോ കുഴിച്ചുമൂടുകയോ ചെയ്താൽ തത്സമയം 5000 രൂപ വരെ പിഴ ചുമത്തും. മാലിന്യം വലിച്ചെറിഞ്ഞാൽ തദ്ദേശ സ്ഥാപന സെക്രട്ടറിക്ക് തത്സമയം ചുമത്താവുന്ന പിഴത്തുക 5000 രൂപയുമാക്കി.

ജലാശയങ്ങളും ജലസ്രോതസ്സുകളും മലിനപ്പെടുത്തുന്ന നടപടി പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തി അയ്യായിരം രൂപയിൽ കവിയാതെ പിഴയും 6 മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുള്ള കാലത്തേക്ക് തടവും നല്കി ശിക്ഷിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്.

മാലിന്യം നീക്കുന്നതിന് മൂന്നുമാസം വരെ യൂസർഫീ നൽകിയില്ലെങ്കിൽ മാസം അമ്പത് ശതമാനം പിഴയോടു കൂടി പൊതു നികുതി കുടിശ്ശികയായി ഈടാക്കും. യൂസർ ഫീ അടയ്ക്കുന്നതുവരെ തദ്ദേശ സേവനം നിരസിക്കും. കടകളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുകയും അവിടെ ഉപഭോക്താക്കൾ മാലിന്യം വലിച്ചെറിയുന്നില്ലെന്നും ഉറപ്പാക്കേണ്ടത് കടയുടമയുടെ ബാധ്യതയാണ്. 100-ൽ കൂടുതൽ ആളുകൾ ഒത്തുചേരുന്ന പരിപാടികൾ മുൻകൂട്ടി ഗ്രാമപഞ്ചായത്തിൽ അറിയിക്കണമെന്നും നിർദ്ദേശമുണ്ട്.

# കാരശേരിയിൽ കുട്ടികളുടെ ഹരിതസഭയിൽ സിനിമാപ്രവർത്തകരും



കാരശേരി ഗ്രാമപഞ്ചായത്ത് മാലിന്യ മുക്തം നവകേരളം കാമ്പയിന്റെ ഭാഗമായി നടത്തിയ കുട്ടികളുടെ ഹരിതസഭയിൽ സിനിമാ മേഖലയിലെ പ്രമുഖരും പങ്കുചേർന്നു. ഗ്രാമപഞ്ചായത്ത് ഹൈവേ റെസിഡൻസിയിൽ വെച്ച് നടന്ന പരിപാടിയിൽ സിനിമാ മേഖലയിലെ സംവിധായകൻ എൻ. പത്മകുമാർ, ഷംസു, സംവിധായകൻ വിനയന്റെ മകനും നടനുമായ വിഷ്ണു വിനയ്, നടൻ സൈജു കുറുപ്പ്, നടി തൻവി റാം, നിർമാതാക്കൾ ആയ ആൻ സരി, ശങ്കർ ദാസ്, ക്യാമറമാൻ സാജിത്, തിരക്കഥാകൃത്ത് ജെനിത്, എന്നിവർ സംസാരിച്ചു. സിനിമയിലെ അണിയറ പ്രവർത്തകരായ 25 ഓളം പേര് പരിപാടിയിൽ ഭാഗമായി.

പഞ്ചായത്തിലെ 10 സ്കൂളുകളിൽ നിന്നായി വിദ്യാർത്ഥികളുടെ അവതരണം നടത്തുകയും മികച്ച അവതരണം നടത്തിയ രണ്ട് സ്കൂളുകൾക്ക് അനുമോദനപത്രം നൽകി. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ രാജേഷ് വിദ്യാർത്ഥികൾ നടത്തിയ അവതരണങ്ങൾ ക്രോഡീകരിച്ച് സംസാരിക്കുകയും ഹരിതവിദ്യാലയം, ശുചിത്വ വിദ്യാലയം പ്രവർത്തനത്തെ കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

# മഹാരാജാസ് കോളേജിൽ ചെറുധാന്യ കൃഷി

ചെറുതല്ല ചെറുധാന്യങ്ങൾ എന്ന ശീർഷകത്തിൽ ഹരിതകേരളം മിഷൻ കലാലയങ്ങളിൽ സംഘടിപ്പിക്കുന്ന ചെറുധാന്യകൃഷി വ്യാപനം, കൃഷി പരിശീലന പരിപാടി, മില്ലറ്റ് പ്രദർശനമേള എന്നിവയ്ക്ക് എറണാകുളം മഹാരാജാസ് കോളേജിൽ തുടക്കമായി.



കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ 62-ാം ഡിവിഷൻ കൗൺസിലർ പത്മജ മേനോൻ വിത്തുവിത ഉദ്ഘാടനം ചെയ്തു. കോളേജ് സെന്റർ സ്ക്വയറിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കൃഷിയിടമൊരുക്കി മണിച്ചോളം കൃഷിയാരംഭിച്ചു. പോഷകങ്ങളുടെ കലവറയാണ് മില്ലറ്റ്സ് എന്നും, രോഗപ്രതിരോധത്തിനും, ആയുരാരോഗ്യ സൗഖ്യത്തിനും, സഹായകമാകുന്ന ചെറുധാന്യങ്ങളുടെ പ്രാധാന്യം വിദ്യാർത്ഥികളെ പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകേരളം മിഷൻ ചെറുതല്ല ചെറുധാന്യങ്ങൾ എന്ന കാമ്പയിന് തുടക്കം കുറിച്ചതെന്നും നവകേരളം കർമ പദ്ധതി ജില്ലാ കോർഡിനേറ്റർ രഞ്ജിനി എസ്. പറഞ്ഞു.

# കണ്ണൂർ ജില്ലയിൽ ഡയറി ഫാമുകൾക്കും പശുത്തൊഴുത്തുകൾക്കും ഹരിത പദവി

ക്ഷീര വികസന വകുപ്പും ഹരിതകേരളം മിഷനും ശുചിത്വമിഷനും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. പശുവളർത്തലിനോടൊപ്പം ശുചിത്വ - മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ഉയർന്ന പ്രാധാന്യം നല്കാൻ കർഷകരെയും സമൂഹത്തെയും പ്രേരിപ്പിക്കാനാണ് ഡയറിഫാമുകൾക്കും പശു തൊഴുത്തുകൾക്കും ഹരിത പദവി നല്കുന്നത്. ഡയറി ഫാമുകളുടെ നടത്തിപ്പ് ശാസ്ത്രീയമാക്കുന്നതിനും ഇത് സഹായിക്കും. ക്ഷീരഭവനം സുന്ദരഭവനം എന്ന പേരിലുള്ള പ്രചരണത്തിലൂടെ പശുക്കളുടെ ആരോഗ്യവും ഉറപ്പാക്കും. ഫാമിലേക്ക് വരുന്നതും പോകുന്നതുമായ എല്ലാ ഘടകങ്ങളും കൃത്യമായും സൂക്ഷ്മമായും നിരീക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്താനും ലക്ഷ്യമിട്ടാണീ പ്രചരണം. കണ്ണൂർ ജില്ലയിലെ മുഴുവൻ ഡയറി ഫാമുകളും ഹരിത പദവി നേടുക എന്നതാണ് ഈ കാമ്പയിൻ ലക്ഷ്യമാക്കുന്നത്.

# നീരുറവ് : എറണാകുളത്ത് ശില്പശാല

എറണാകുളം ജില്ല നവകേരള കർമപദ്ധതിയുടെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കിയ നീരുറവ് നീർത്തടാധിഷ്ഠിത മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ജില്ലാതല ശില്പശാല സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിതാ റഹീം ശില്പശാല ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്ത് ഈ വർഷം ജലദൗർലഭ്യം ഉണ്ടാകുമെന്ന വിലയിരുത്തലിന്റെ പശ്ചാത്തലത്തിൽ വരൾച്ച മുന്നിൽ കണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. ഇതിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ രൂപീകരിച്ച ജല മിഷന്റെ സാങ്കേതിക സമിതി അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നീരുറവ് ഉൾപ്പെടെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാണ് ജില്ലാതല ശില്പശാല സംഘടിപ്പിച്ചത്. 'ഏകോപന പ്രവർത്തനങ്ങളിൽ ജലസേചന വകുപ്പിന്റെ സാധ്യതകൾ' 'നിർത്തടാധിഷ്ഠിത വികസനത്തിൽ മഹാത്മാഗാന്ധി തൊഴിലുറപ്പിന്റെ പ്രാധാന്യം' 'ഭൂചലവകുപ്പിന്റെ പദ്ധതികളും സേവനങ്ങളും' 'മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളെ പ്രാധാന്യം' എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നടന്നു.

# ഹരിത സ്കൂൾ എന്ന ലക്ഷ്യത്തിലേക്ക് വെണ്ണല ഗവ. യു.പി. സ്കൂൾ



ഹരിതകേരളം മിഷന്റെ ഭാഗമായി കൊച്ചിൻ കോർപ്പറേഷൻ (46 ഡിവിഷൻ) ചക്കരപ്പറമ്പ് വെണ്ണല എൽ.പി. സ്കൂളിലെ പി.ടി.എ. യുടെ ആഭിമുഖ്യത്തിൽ നടത്തിയ ജൈവ പച്ചക്കറി കൃഷിയുടെ വിളവെടുപ്പും പുതിയ കൃഷിയ്ക്ക് തുടക്കവും ആയി. കൃഷി ആരംഭിച്ചതിനുശേഷം എല്ലാ ദിവസവും സ്കൂളിൽ കുട്ടികൾക്കുള്ള ഉച്ച ഭക്ഷണത്തിന്റെ കറികൾക്കായി പച്ചക്കറി ലഭ്യമായിരുന്നു. പ്രധാനമായും വെണ്ട, വഴുതന, പച്ചമുളക്, തക്കാളി എന്നിവയാണ് കൃഷി ചെയ്തിരുന്നത്. സ്കൂളിൽ പച്ചക്കറി തോട്ടം ആരംഭിച്ചതോടെ കുട്ടികളുടെ രക്ഷകർത്താക്കളിൽ ഭൂരിഭാഗം പേർക്കും കൃഷിയോട് താല്പര്യം വർദ്ധിപ്പിക്കുവാനും കഴിഞ്ഞു.

## തിരുവനന്തപുരം ജില്ലയിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ വിലയിരുത്തി കേന്ദ്രസംഘം

ജില്ലയിലെ ജലശക്തി അഭിയാൻ പ്രവർത്തനങ്ങൾ വിലയിരുത്താൻ വേണ്ടി എത്തിയ കേന്ദ്ര സംഘം വിവിധ ജല സംരക്ഷണ പ്രവർത്തനങ്ങൾ നേരിട്ട് കാണുകയും ജില്ലാ തല ഉദ്യോഗസ്ഥരുമായി സംവദിക്കുകയും ചെയ്തു.പുഴ പുനർജീവന പദ്ധതികളുടെ ഭാഗമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ഒഴുകും ഞാൻ ഉയിരോടെ പദ്ധതിയുടെ പദ്ധതി രേഖയും പുരോഗതിയും വിലയിരുത്തി. ഹരിതകേരളം മിഷന്റെ ഏകോപനത്തോടെ തിരുവനന്തപുരം ജില്ലയിൽ ആദ്യമായി ജലബജറ്റ് നടപ്പിലാക്കിയത് കിളിമാനൂർ ബ്ലോക്ക് പഞ്ചായത്താണ്. ഇവിടെ നീർത്തട പദ്ധതികളിലൂടെ ശാസ്ത്രീയമായി മണ്ണ് ജല സംരക്ഷണം നടത്തുന്നതിനെ കേന്ദ്രസംഘം അഭിനന്ദിച്ചു.



## ഹരിതസദസ്സായി നവകേരള സദസ്സ്

വയനാട് ജില്ലയിൽ നടന്ന നവകേരള സദസ് പൂർണ്ണമായും ഹരിത ചട്ടം പാലിച്ചു. കൽപ്പറ്റ, മാനന്തവാടി, ബത്തേരി മണ്ഡലങ്ങളിലായി നടന്ന നവകേരള സദസ്സിൽ നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ അടക്കമുള്ള എല്ലാ ഡിസ്പോസബിൾ വസ്തുക്കളും പൂർണ്ണമായും ഒഴിവാക്കിയിരുന്നു. ഹരിതചട്ടം പാലിച്ച് നടന്ന പരിപാടിയിൽ സ്റ്റീൽ പാത്രങ്ങളും സ്റ്റീൽ ഗ്ലാസുകളുമാണ് ഉപയോഗിച്ചത്. പരിപാടിയിൽ പങ്കെടുക്കാനെത്തിയവർക്ക് കുടിവെള്ളത്തിനായി വാട്ടർ കിയോസ്കിൽ നിന്നും വെള്ളം കുടിക്കാനായി സ്റ്റീൽ ഗ്ലാസുകളുമാണ് ഒരുക്കിയത്. കുപ്പി വെള്ളം ഉപയോഗം പരമാവധി കുറച്ച് കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഭക്ഷണശാലയും പൂർണ്ണമായും ഹരിതചട്ടം പാലിച്ചാണ് പ്രവർത്തിപ്പിച്ചത്. നഗരസഭകളുടെ നേതൃത്വത്തിൽ വേദിയും പരിസരവും മാലിന്യ മുക്തമാക്കുന്നതിനായി ഹരിത കർമസേനാംഗങ്ങളുടെ നേതൃത്വത്തിൽ മികച്ച പ്രവർത്തനവും നടത്തി. നവകേരള സദസ്സിന്റെ എല്ലാ വേദികൾക്ക് സമീപവും ജൈവ- അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കാൻ പ്രത്യേക ബിന്നുകളും സ്ഥാപിച്ചിരുന്നു. ജില്ലാ ഭരണകൂടം, സംഘാടകസമിതി, തദ്ദേശ സ്വയംഭരണ വകുപ്പ്, ജില്ലാ ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, കുടുംബശ്രീ മിഷൻ എന്നിവരാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.



## കൈപ്പമംഗലം നവകേരള സദസ്സിൽ വിസ്മയ മത്സ്യ ചിത്രം

നിരവധി മീഡിയങ്ങളിൽ ചിത്രങ്ങൾ നിർമ്മിക്കുന്ന ഡാവിഞ്ചി സുരേഷിന്റെ തൊണ്ണൂറ്റി മൂന്നാമത്തെ ചിത്രം കയ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് നിർമിച്ചു.മത്സ്യ തൊഴിലാളികളുടെ സഹകരണത്തോടെ സംസം വള്ളത്തിലാണ് മുപ്പത്തിഎട്ട് തരത്തിലുള്ള വിവിധ നിറങ്ങളിലുള്ള കടൽ മത്സ്യങ്ങളും കായൽ മത്സ്യങ്ങളും ഉപയോഗിച്ച് വെള്ളത്തിന്റെ മുൻവശത്തായുള്ള സ്ഥലത്ത് 16 അടി വലുപ്പത്തിൽ പ്ലൈവുഡിന്റെ തട്ട് തയ്യാറാക്കി അതിനു മുകളിൽ ചിത്രം പൂർത്തിയാക്കിയത്. മത്സ്യത്തൊഴിലാളികളായ ഷിഹാബ് കാവുങ്ങൾ, റാഫി പി എച്ച്, ശക്തിധരൻ,അഷറഫ് പൂവ്വത്തിങ്കൽ എന്നിവരും കൂടാതെ വള്ളത്തിലെ ജീവനക്കാരും സുരേഷിന്റെ സഹായികളായ ഷെമീർ പതിയാശ്ശേരി, ഫെബിതാടി, രാകേഷ് പള്ളത്ത് ക്യാമറാമാൻ സിംബാദ് എന്നിവരും ചിത്രം തീർക്കാൻ കൂടെ ഉണ്ടായിരുന്നു. പ്രളയ സമയത്ത് രക്ഷാപ്രവർത്തനത്തിന് ഇറങ്ങിയ മത്സ്യ തൊഴിലാളികളെ കേരളത്തിന്റെ സൈന്യമായി പ്രഖ്യാപിച്ച മുഖ്യമന്ത്രി നവകേരള സദസ്സിന് കയ്പമംഗലം മണ്ഡലത്തിൽ എത്തുന്നതിന്റെ ആദരസൂചകമായിട്ടാണ് മത്സ്യചിത്രം തീർത്തത്. മത്സ്യചിത്രം എന്ന ആശയം സാക്ഷൽക്കരിക്കാൻ സഹായമായി മുന്നോട്ടുവന്നത് ഇ. ടി. ടൈസൺ മാസ്റ്റർ എം.എൽ.എ. യും നവകേരള സദസ്സ് മണ്ഡലം ജനറൽ കൺവീനർ ജില്ലാ ലേബർ ഓഫീസർ എം.എം. ജോവിനും ആണ്. മത്സ്യങ്ങളെ കൊണ്ട് മാത്രം നിർമ്മിക്കപ്പെട്ട മുഖ്യമന്ത്രിയുടെ ചിത്രം ഏറെ ശ്രദ്ധ നേടി.

## തൃശ്ശൂർ ജില്ലയിൽ വംശനാശ ഭീഷണി നേരിടുന്ന വൃക്ഷങ്ങളുടെ പച്ചത്തുരുത്ത്

ആഗോളതാപനത്തിന് മരമാണ് മറുപടി എന്ന ആശയം സാക്ഷാത്കരിക്കുന്നതിന് ഹരിതകേരളം മിഷനും, എം.ജി.എൻ.ആർ.ഇ.ജി. എസും സഹകരിച്ച് പ്രവർത്തിക്കുന്നതിന്റെ ഭാഗമായി കെ.എഫ്. ആർ.ഐ. ഉൽപ്പാദിപ്പിക്കുന്ന വംശനാശ ഭീഷണി നേരിടുന്നതും ഐ.യു.സി.എൻ. റെഡ് ലിസ്റ്റിൽ ഉൾപ്പെടുന്നതുമായ വൃക്ഷത്തൈകൾ,



തൃശ്ശൂർ ജില്ലയിലെ കലാലയങ്ങൾ കേന്ദ്രീകരിച്ച് എൻ.എസ്. എസിന്റെയും മറ്റ് സംഘടനകളുടെയും സഹകരണത്തോടെ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുന്നു. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം തൃശ്ശൂർ മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഡേവിസ് മാസ്റ്റർ നിർവഹിച്ചു. അവണൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് തങ്കമണി ശങ്കുണ്ണി അധ്യക്ഷത വഹിച്ചു. കെ.എഫ്.ആർ.ഐ സയന്റിസ്റ്റ് ഡോ. എം. ഭീമ ലിംഗപ്പ പദ്ധതി വിശദീകരണം നടത്തി.

## മഞ്ചാടി ഗണിതപഠന പദ്ധതി ഒന്നാം ഘട്ടം മികച്ച ഫലപ്രാപ്തി

ഗണിത പഠനത്തിന് കേരളസർക്കാർ കെ ഡിസ്ക് മുഖേന വികസിപ്പിച്ച മഞ്ചാടി ഗണിത പഠന പദ്ധതിയുടെ ആദ്യഘട്ട ക്ലാസ് മുറി പരീക്ഷണം മികച്ച ഫലം കൊണ്ടുവന്നതായി വിലയിരുത്തൽ. ചിന്തയുടെ വികാസം



ഗണിതത്തിലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിന് ഊന്നൽ നൽകുന്ന രീതിയാണ് മഞ്ചാടി പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ 100 വിദ്യാലയങ്ങളിലെ അഞ്ചാം ക്ലാസിലാണ് പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി ആരംഭിച്ചത്. ഭിന്നസംഖ്യ എന്ന ആശയമാണ് ആദ്യഘട്ടത്തിൽ പുതിയരീതിയിൽ കുട്ടികളിൽ എത്തിച്ചത്.

പൊതു വിദ്യാഭ്യാസ വകുപ്പ്, വിദ്യാകിരണം മിഷൻ, എസ്.എസ്.കെ., എസ്.സി.ഇ.ആർ.ടി., കെ. ഡിസ്ക് തുടങ്ങിയവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. മഞ്ചാടി പഠനരീതി കുട്ടികൾക്കും അധ്യാപകർക്കും ഏറെ ആത്മവിശ്വാസം പകർന്നതായി വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ സംസ്ഥാനതല അവലോകന ശിൽപശാല വിലയിരുത്തി.

മൺവിള കാർഷിക പരിശീലന കേന്ദ്രത്തിൽ നടന്ന യോഗം ശാസ്ത്രജ്ഞയും കെ ഡിസ്ക് നാഷണൽ റിസോഴ്സ് ഗ്രൂപ്പ് അംഗവുമായ എം. ഉഷ ഉദ്ഘാടനം ചെയ്തു. ക്യൈപി ഡെപ്യൂട്ടി ഡയറക്ടർ സുരേഷ് ബാബു, എസ് എസ് കെ കൺസൾട്ടന്റ് എ.കെ. സുരേഷ് കുമാർ, കെ.കെ. ശിവദാസൻ, ഇ.കെ. ഷാജി, ഡോ. അമൃത മുരളീധരൻ, ഡോ. കെ. ബീന എന്നിവർ സംസാരിച്ചു.




## പുത്തൻ ട്രോളികളുമായി പറപ്പൂക്കര ഹരിത കർമസേന

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്ത് ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അംഗങ്ങൾക്ക് ട്രോളികൾ വിതരണം ചെയ്തു. പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇ.കെ. അനൂപ് സേനാംഗങ്ങൾക്ക് ട്രോളികൾ കൈമാറി ഉദ്ഘാടനം നിർവഹിച്ചു. പറപ്പൂക്കര ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏകദേശം 87000 രൂപ ചെലവഴിച്ച് 5 ട്രോളികളാണ് ഹരിത കർമസേനാംഗങ്ങൾക്ക് നൽകിയത്.

## ഗ്രീൻ ബ്രിഗേഡ് ബദൽ ഉല്പന്ന നിർമ്മാണ പരിശീലനം കൃഷി പരിശീലനം



നെറ്റ് സീറോ കാർബൺ ന്യൂട്രൽ കാമ്പസ് എന്ന ലക്ഷ്യവുമായി ബന്ധപ്പെട്ട് ഗ്രീൻ ബ്രിഗേഡിന്റെ നേതൃത്വത്തിൽ കണ്ണൂരിൽ ബദൽ ഉല്പന്ന നിർമ്മാണ പരിശീലനം നടന്നു. അതോടൊപ്പം തന്നെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന പച്ചക്കറി കൃഷിയുടെ നടീലും,പരിപാലനവും ആയി ബന്ധപ്പെട്ട പരിശീലനവും സംഘടിപ്പിച്ചു. ഗ്രീൻ ബ്രിഗേഡ് കോർഡിനേറ്റർ സഹല അബ്ദുറഹ്മാൻ അദ്ധ്യക്ഷത വഹിച്ച പ്രിൻസിപ്പാൾ ഡോ: അബു ഇസഹാക്ക് ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് ചെറുതാഴം ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ ജയരാജൻ നായർ കാർഷിക മേഖലയിൽ വിദ്യാർത്ഥികളുടെ പങ്ക് - നടീലും പരിപാലനവും എന്ന വിഷയത്തിൽ പരിശീലനം നൽകി ബദൽ ഉല്പന്ന നിർമ്മാണ പരിശീലനം കുടുംബശ്രീ സംരംഭക രമ കൈകാര്യം ചെയ്തു. ഹരിതകേരളം മിഷൻ ആർ.പി. ശോഭ പരിശീലനത്തിന് നേതൃത്വം നൽകി. പയ്യന്നൂർ കോളേജിൽ നടത്തിയ ദ്വിദിന ശില്പശാലയിൽ കോളേജിൽ നിന്നും പങ്കെടുത്ത ഗ്രീൻ ബ്രിഗേഡ് - വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

## മാപത്തോൺ രണ്ടാംഘട്ട പ്രവർത്തനം എറണാകുളം ജില്ലയിൽ

സുരക്ഷിതമാക്കാം പശ്ചിമഘട്ട പദ്ധതിയുടെ ഭാഗമായി നീർച്ചാൽ ശൃംഖല കണ്ടെത്തി വീണ്ടെടുക്കുന്നതിന് ഹരിതകേരളം മിഷനും സംസ്ഥാന ഐ.ടി. മിഷനും ചേർന്ന് വികസിപ്പിച്ചിട്ടുള്ള പദ്ധതിയാണ് മാപത്തോൺ. എറണാകുളം ജില്ലയിലെ പശ്ചിമഘട്ട മലനിരകൾ കടന്നുപോകുന്ന 17 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. ഇതു സംബന്ധിച്ച അവലോകനത്തിൽ നവകേരളം കർമപദ്ധതി സംസ്ഥാന പ്രോഗ്രാം ഓഫീസർ യു. സുരേഷ്, ജില്ല കോർഡിനേറ്റർ രഞ്ജിനി എസ്. എന്നിവർ പദ്ധതി വിശദീകരണം നടത്തി. മാപിംഗിന്റെ ശാസ്ത്രീയ രീതികൾ വിശദീകരിച്ചു.

## ഹരിത കർമസേനയ്ക്കൊപ്പം കുട്ടികളും

ആലപ്പുഴ ജില്ലയിലെ വീയപുരം ഗ്രാമപഞ്ചായത്തിൽ മാലിന്യമുക്ത നവകേരളം കാമ്പയിന്റെ ഭാഗമായി ഹരിത കർമസേനയ്ക്കൊപ്പം കുട്ടികളും പങ്കാളികളായി.



മാലിന്യമുക്ത നവകേരളത്തിന് പുതു തലമുറയുടെ പങ്ക് എന്ന സന്ദേശം പങ്കുവെയ്ക്കുന്നതിന്റെ ഭാഗമായാണ് കുട്ടികളെ പങ്കെടുപ്പിച്ച് കാമ്പയിൻ സംഘടിപ്പിച്ചത്. പഞ്ചായത്ത് പ്രസിഡന്റ് ഷീജ സുരേന്ദ്രൻ നേതൃത്വം നൽകി.വീയപുരം ഗവ. ഹയർ സെക്കന്ററി സ്കൂളിലെ 12 എൻ.എസ്.എസ്. വോളിന്റിയർമാരാണ് വാതിൽപ്പടി ശേഖരണത്തിന് ഹരിത കർമസേനയ്ക്കൊപ്പം പങ്കാളികളായത്. കുട്ടികളുമായി ചേർന്ന് നടന്ന പ്രവർത്തനത്തിന് വലിയ ജനപിന്തുണയാണ് ലഭിച്ചത്.



ഇടുക്കി ജില്ലയിലെ കോടിക്കുളം പാലൂർപ്പാടം തോട്ടിൽ മാപത്തോൺ

# കണിച്ചാർ ശലഭോദ്യാനം നാടിന് സമർപ്പിച്ചു

നവകേരളം പച്ചത്തുരുത്ത് പദ്ധതിയിൽ തൊഴിലുറപ്പ് മിഷൻ സഹായത്തോടെ കണ്ണൂർ ജില്ലയിലെ കണിച്ചാർ പഞ്ചായത്ത് ഹരിതകേരളം മിഷൻ നിർമ്മിച്ച ശലഭോദ്യാനം നാടിന് സമർപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ആന്റണി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഷാന്റി തോമസ് അധ്യക്ഷയായി. നാല്പത് സെന്റ് സ്ഥലത്ത് വിവിധ ഇനങ്ങളിൽപെട്ട നൂറോളം തൈകളും, ശലഭങ്ങൾക്ക് അനുയോജ്യമായ വിവിധ തരം ചെടികളുമാണ് നട്ടുപിടിപ്പിച്ചിട്ടുള്ളത്.



## വണ്ടൻമേട്ടിലെ ജൈവവളം വില്പനയ്ക്ക്

ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ ഹരിത കർമസേനയുടെ ജൈവവള നിർമ്മാണ സംരംഭ യൂണിറ്റ് തയ്യാറാക്കിയ ജൈവവളം വില്പന നടത്തി.



1000 കിലോഗ്രാം ജൈവവളമാണ് വിപണിയിൽ വില്പന നടത്തിയത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുരേഷ് മാനങ്കെരി ആദ്യ വില്പന നടത്തി ഉദ്ഘാടനം നിർവഹിച്ചു. വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ റെജി ജോണിയാണ് 1000kg ജൈവവളം 12രൂപ നിരക്കിൽ വാങ്ങിയത്. ഹൈജിയ അസോസിയേറ്റ്സ് എന്ന ഹരിത സഹായ സ്ഥാപനം വഴിയാണ് പരിശീലനവും, മേൽനോട്ടവും. ജൈവ മാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരിച്ച ജൈവവളം നിർമ്മിക്കുന്ന സംരംഭ യൂണിറ്റ് വിജയകരമായി പ്രവർത്തിച്ച് വരുന്നു.

## പൊസടിഗുമ്പെയെ ഹരിത ടൂറിസം കേന്ദ്രമാക്കും

കാസറഗോഡ് ജില്ലയിലെ വടക്കൻ അതിർത്തിയിലെ ഏറ്റവും പ്രസിദ്ധമായ ടൂറിസം കേന്ദ്രമാണ് പൊസടി ഗുമ്പെ. പൊസടി ഗുമ്പെയെ ഹരിത ടൂറിസം കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി പൈവളിഗെ പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ ഡിസംബർ 7 ന് ജനകീയ ശുചീകരണം നടത്തി. പൈവളിഗെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജയന്തി കെ. ഉദ്ഘാടനം ചെയ്തു. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അബ്ദുൽ റസാഖ് ചിപ്പാർ അധ്യക്ഷനായി. പഞ്ചായത്ത് അംഗങ്ങളായ അബ്ദുല്ല കെ., ശ്രീനിവാസ ഭണ്ഡാരി, റഹ്മത്ത് റഹ്മാൻ, എസ്. ഇർഷണ, അവിനാഷ് മച്ചടോ, നവകേരളം കർമപദ്ധതി റിസോഴ്സ് പേഴ്സൺമാരായ വിനയ് കുമാർ ബി, ബിനീഷ്, ജീവൻ എന്നിവർ സംസാരിച്ചു. എം.ഗീതാ സ്വാഗതവും, തൊഴിലുറപ്പ് AE ശ്രീറാം നന്ദി പറഞ്ഞു. ഹരിത കർമസേന അംഗങ്ങൾ, എൻ.എസ്.എസ്. വോളണ്ടിയർമാർ, നാട്ടുകാർ, സന്നദ്ധ പ്രവർത്തകർ എന്നിവർ പങ്കെടുത്തു.



## വടകര നഗരസഭയിൽ സമ്പൂർണ ഹരിതഅയൽക്കൂട്ട വാർഡ്

സമ്പൂർണ ഹരിതഅയൽക്കൂട്ട വാർഡ് പ്രഖ്യാപനവുമായി വടകര നഗരസഭ. കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയിൽ നെറ്റ് സീറോ കാർബൺ എമിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി നവകേരളം കർമപദ്ധതിയുടെ ആഭിമുഖ്യത്തിൽ ഹരിതകേരളം മിഷൻ, കുടുംബശ്രീ മിഷൻ എന്നിവയുടെ സംയുക്തസഹകരണത്തോടെ വാർഡ് 29 കൊക്കഞ്ഞാത്തിൽ നടപ്പിലാക്കിയ ഹരിത അയൽക്കൂട്ടം പദ്ധതിയുടെ പ്രഖ്യാപനം നവംബർ 30 ന് വൈകീട്ട് 4 ന് നഗരസഭ ചെയർപേഴ്സൻ കെ പി ബിന്ദു നിർവഹിച്ചു. വാർഡ് 29 ലെ വട്ടകണ്ടിപറമ്പിൽ നടന്ന പ്രഖ്യാപന ചടങ്ങിൽ നഗരസഭ വികസനസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻ രാജിത പതേരി അധ്യക്ഷയായി. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എൻ.കെ.



പ്രഭാകരൻ സ്വാഗതം പറഞ്ഞു. നവകേരളം കർമപദ്ധതി ജില്ല കോർഡിനേറ്റർ പി ടി പ്രസാദ് സമ്പൂർണ ഹരിത അയൽക്കൂട്ടം വാർഡിനുള്ള അഭിനന്ദനപത്രം വാർഡ് വികസന സമിതിക്ക് കൈമാറി. ഓരോ അയൽക്കൂട്ടത്തിലെയും അംഗങ്ങളുടെ വീടുകളിൽ ജൈവ-അജൈവ മാലിന്യ സംസ്കരണ പ്രവർത്തനത്തിനുള്ള സംവിധാനം, സോക് പിറ്റ് നിർമാണം, കിണർ റീചാർജ്, പച്ചക്കറി കൃഷി, ഗ്രീൻ പ്രോട്ടോകോൾ, ഗൃഹ ശുചിത്വം എന്നിവ പരിഗണിച്ചാണ് അതാത് അയൽക്കൂട്ടത്തെ ഹരിത അയൽക്കൂട്ടങ്ങൾ ആക്കി പ്രഖ്യാപനം നടത്തിയത്. പച്ചത്തുരുത്ത് നിർമ്മാണം, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയും തുടർ പദ്ധതിയാക്കി പരിഗണിച്ചുകൊണ്ട് നെറ്റ് സീറോ കാർബൺ എമിഷൻ പ്രവർത്തനത്തിലേക്കുള്ള ചുവടുവെയ്പായാണ് ഹരിത അയൽക്കൂട്ടം പ്രവർത്തനം കൊണ്ട് നഗരസഭ ലക്ഷ്യമിടുന്നത്.

## ഹരിതവിദ്യാലയമായി വാഴൂർ ബ്ലോക്കിലെ ആറ് സ്കൂളുകൾ



കോട്ടയം വാഴൂർ ബ്ലോക്കിലെ ആറ് സ്കൂളുകളുടെ ഹരിത വിദ്യാലയ പ്രഖ്യാപനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മുകേഷ് കെ. മണി നിർവഹിച്ചു. ആദ്യ ഘട്ടമായി ബ്ലോക്കിന് കീഴിലെ ആറ് പഞ്ചായത്തുകളിൽ നിന്നും എസ്.വി.ജി.എൽ.പി.എസ് വാഴൂർ, ഗവ. എൽ.പി. എൻ.എസ്.എസ്. കറുകച്ചാൽ, ഗവ. വെൽഫെയർ എൽ.പി.എസ്. നെടുംകുന്നം, ഗവ. എൻ.എസ്. എൽ.പി. സ്കൂൾ തെക്കേത്തുകവല, ഗവ. എൽ.പി.എസ്. പത്തനാട്, ഗവ. എൽ.പി.എസ്. മണിമല എന്നീ ആറ് സ്കൂളുകളാണ് ഹരിത വിദ്യാലയ പദവി നേടിയിരിക്കുന്നത്. ഹരിതകേരളം മിഷന്റെ ഭാഗമായുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, ജലസംരക്ഷണ പ്രവർത്തനങ്ങൾ, കൃഷി, ഹരിത ചട്ട പാലനം, ഊർജ സംരക്ഷണം, പൊതു ശുചിത്വം തുടങ്ങിയവ മാനദണ്ഡങ്ങളാക്കിയാണ് സ്കൂളുകൾ തിരഞ്ഞെടുത്തത്.




നവകേരള സദസിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ നെന്മാറ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് നടന്ന പരിപാടിയിൽ മാലിന്യം നിക്ഷേപിക്കുന്നതിന് മുള കൊട്ട വിതരണം ചെയ്തു. നെന്മാറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലീലാമണി നെന്മാറ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സി. പ്രകാശന് കൊട്ട നൽകി ഉദ്ഘാടനം നിർവഹിച്ചു.



ഹരിതകേരളം മിഷന്റെയും മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും നേതൃത്വത്തിൽ കബനിക്കായ് വയനാട്, നീരുറവ് കാമ്പയിനുകളുടെ ഭാഗമായി നടത്തുന്ന നീർച്ചാൽ പുനരുജീവനം പദ്ധതിയുടെ ഉദ്ഘാടനം നടന്നു. വൈത്തിരി പഞ്ചായത്തിലെ ചേലോട് അമ്മാറ തോടിൽ നടന്ന പരിപാടി പഞ്ചായത്ത് പ്രസിഡന്റ് എം.വി. വിജേഷ് ഉദ്ഘാടനം ചെയ്തു.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in